ക്ലാസ് :

അക്കാദമിക

മാസ്റ്റർപ്ലാൻ

രണ്ടാം ക്ലാസ്

2025-26

ക്ലാസ് ടീച്ചറുടെ പേര്: ശ്രീജിന

വിദ്യാലയത്തിന്റെ പേര്: ജി. എം.

എൽ. പി. മടപ്പള്ളി

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, സർഗ്ഗാത്മകമേഖല, വൈകാരികമേഖല എന്നീമേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷിവികാസങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈവർഷം ലക്ഷ്യമിടുന്നത്.

ജി. എഫ്. എൽ. പി സ്കൂളിൽ 2025-26 വർഷത്തിൽ രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം വരുന്നതിന് വേണ്ടിയാണ്.

## ഭാഷ

| പ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് |
|---|---|---|
| മധുരം മലയാളം | ഭാഷാശേഷിക്ക് അവസരമൊരുക്കി വായനയും എഴുത്തും വികസിപ്പിക്കൽ | ജൂൺ |
| ക്ലാസ് ലൈബ്രറി | സ്വതന്ത്രവായനക്കാരാക്കൽ ദിനാചരണവുമായി ബന്ധപ്പെട്ട് | ജൂലൈ |
| പാട്ടരങ്ങ് | താളബോധം രൂപപ്പെടുത്തി വായനലേഖനം എളുപ്പമാക്കൽ | ആഗസ്റ്റ് |
| റീഡേഴ്സ് തിയേറ്റർ | മികച്ച വായനക്കാരാക്കൽ | സെപ്റ്റംബർ |
| നാട്ടുവിശേഷം. | ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തൽ. | ഒക്ടോബർ നവംബർ |
| ഭാഷോത്സവം. | സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ളകഴിവ് ഉണ്ടാക്കൽ. | നവംബർ ഡിസംബർ |
| രചനോത്സവം. | ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കൽ. | ജനുവരി ഫെബ്രുവരി |
| വീട്ടുവായന കൂട്ടുവായന | സ്വന്തമായി പഠിച്ച് നിർമ്മിക്കാനുള്ള കഴിവ്. | മാർച്ച്. |

# ഗണിതം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാകണം. ഓരോ പഠനനേട്ടങ്ങളിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടതാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

## പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം ഉറപ്പാക്കൽ
* സംഖ്യാബോധവും ക്രിയാശേഷിയും നേടുന്നതിന്
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന്
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ രൂപീകരിക്കുന്നു.

## ജൂൺ

1, 2, 3, 4 . . .

1, 3, 5, 7

5, 10, 15, 20

പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തു

ജൂലൈ

ഗണിതകിറ്റ് ഉണ്ടാക്കാൻ
പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക
സംഖ്യകൾ രൂപീകരിക്കാൻ

ആഗസ്റ്റ്

ഓരോ സംഖ്യകളെയും പ്രായോഗികഗണിതാശയ
തലങ്ങളിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ

99നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100.

സെപ്തംബർ

ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക
പ്രശ്നം പരിഹരിക്കൽ
വിലവിവരപട്ടികതയ്യാറാക്കൽ

ഒക്ടോബർ

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന
പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ.
പാറ്റേൺ രൂപീകരിക്കൽ.

നവംബർ

സ്ഥാനവില തിരിച്ചറിയൽ
ക്ലാസിലൊരു കളിയിലൂടെ പ്രശ്നം നിർധാരണം
ചെയ്യൽ.
നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ -

ഡിസംബർ

സംഖ്യാബോധം തിരിച്ചറിയൽ

സ്ഥാനവിലപോക്കറ്റ്, അബാക്കസ് നിർമിക്കൽ

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി

വ്യത്യസ്തരീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ.

പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യൽ.

ഫെബ്രുവരി

ഗണിതാലാപനം നടത്തൽ

ഗണിതപഠനം കളിരീതിയിൽ ഉല്ലാസഗണിതം

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയ

# English

To speak, Read and write English without any mistakes.

## June

Pretest

To develop listening skills and reading skills first.

Listening skills

Games, Action songs Hello english Conversations, skit stories use ICT

Speaking skills

Descriptions, growing sentences, Picture reading, picture description, book review, quiz, School radio etc.

## July & August

Reading skills

News Paper reading, library books. reading, book review, find words. Collect and read past tense; rhyming words etc.

## August - March

Writing skills

Make word web, Picture description, word chain sentence chain, make words and Sentences make riddles, Conversations, magazines

# Academic Master Plan

STD: III

# മലയാളം

ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാരൂപങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) വ്യതിരിക്തമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, സ്വഹി, ചിത്രം)
- കഥകളെയും കവിതകളെയും മറ്റും പാവനാടകം, നാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ജൂൺ - ജൂലൈ

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥ ശേഖരം - ക്ലാസ് ലൈബ്രറി നവീകരണം
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കലകളുടെ അവതരണ ശില്പശാല)
- കടങ്കഥകൾ ശേഖരണം - കടങ്കഥാ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥാപ്പയറ്റ്.
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം അഭിമുഖ സംഭാഷണം
- കലാരൂപങ്ങൾ - വേഷവിധാനം - ചിത്ര ശേഖരണം - ആൽബം.
- പാവനാടകത്തെ അടുത്തറിയാം - ശില്പശാല

ആഗസ്റ്റ് - സെപ്തംബർ

- കുട്ടികൾ വായിച്ച ചിത്രങ്ങൾ ഉള്ള പുസ്തകം ലൈബ്രറിയിൽ ഒരുക്കിവെക്കൽ.
- ക്ലാസ് ലൈബ്രറിയിൽ കുട്ടികൾക്ക് ഒരുക്കിവെക്കൽ
- നാടക ശില്പശാല
- റോൾ പ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
- കഥകൾ - മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

മികവുത്സവം

- നാടോടി കഥകളുടെ അവതരണം
- നാടൻ പാട്ടുകളുടെ അവതരണം
- പാവനാടകം അവതരണം.

ഒക്ടോബർ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ ശേഖരണം.
- കടങ്കഥകൾ - കടങ്കഥയിലെ ജീവജാലങ്ങൾ, വിവരണം, പതിപ്പ്
- നാടൻപാട്ട് ശില്പശാല

നവംബർ

- ചിത്രവായന
- ചിത്രം നോക്കി കഥ പറയാം
- ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ, പുസ്തകം വായന കാർഡ് നോക്കി പറയൽ.
- കഥാപാത്രങ്ങളെ കണ്ടെത്തൽ, സംഭാഷണം.

ഡിസംബർ

- കൂട്ടവായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.
- വായന ചങ്ങല - വായന കാർഡ് നൽകൽ
- ചിത്രം നോക്കി വിവരണം എഴുതൽ

ജനുവരി

- ചിത്രങ്ങളുടെ സഹായത്തോടെ ഉചിതമായ അടിക്കുറിപ്പ് എഴുതൽ
- രക്ഷിതാക്കൾക്ക് കവിത രചന മത്സരം — തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ
- വായന കാർഡിൽ വരികൾ കൂട്ടിച്ചേർക്കൽ, രക്ഷിതാക്കളും കുട്ടികളും ആലപിച്ചവതരണം

[illegible]

- കുഞ്ഞുവായന - ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളുമായി നൽകുന്നു. ചിത്രങ്ങൾക്ക് താഴെ കഥ സന്ദർഭം എഴുതി പൂർത്തിയാക്കാൻ.
- കൈയെഴുത്തു മാസിക.
- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.
- കഥ പൂർത്തിയാക്കാൻ
- ചിത്രം നോക്കി കഥ പറയൽ കഥ എഴുതൽ

[illegible]

- വായനക്കാരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം.
- കഥ രചനാമത്സരം.

# English

Learning Objectives. 1
Listen to instructions and engage in activities.

| Month | Activities. |
|---|---|
| June<br>December | • Give more chance to hearing instructions based on the day to day life and classroom<br>• show the pictures of action verbs.<br>• Performing actions by hearing instruction and commands. |

Learning Objective. 2.
Describe the Pictures

| Month | Activities |
|---|---|
| June<br>August | Picture Description.<br>• The teacher shows a picture<br>• Discussion.<br>• The children talk about the picture<br>• Slow learners : Gives opportunity to express their ideas in malayalam. |

Learning Objective. 3
Arrange words in Alphabetical order.

| Month | Activities. |
|---|---|
| June.- | Dictionary.<br>• Introducing the dictionary<br>• Gives words<br>• Arrange words in alphabetical order. |

Learning Objective - 4
Add more exchanges to the conversation suitable to the context.

| Month | Activities |
|---|---|
| | Conversation. |
| July | • Reading the conversation. |
| March | • Conversation is acting with friends |
| | • Add more exchanges to the conversation. |
| | • Slow learners - gives opportunity to express their idea in malayalam. |

Learning Objective - 5
Identifies rhyming words from the poem

| Month | Activities. |
|---|---|
| | Rhyming words |
| July | • Plays the audio of song |
| September | • Let the learner sing after the audio |
| | • Discussion. |
| | • Identifies rhyming words. |

Learning objective - 6
Add lines to a poem following a set pattern.

| Month | Activities |
|---|---|
| | Add more lines |
| July | • Plays the audio of song |
| December | • Let the learner sing after the audio |
| | • Add lines to the poem. |

Learning Objective - 7
Reads and understands the given stories and poems

| month | Activities |
|---|---|
| December<br>March | Let's Read<br>· Provides the opportunity to read simple stories and poems.<br>· They told the story they read. |

Learning Objective - 8
Making simple riddles

| Month | Activities |
|---|---|
| August<br>March | · Gives children the opportunity to hear and answer simple riddles.<br>· Makes simple riddles<br>· slow learners — Gives opportunity to express their idea in malayalam. |

Learning objective - 9
Reading Card Making

| Month | Activities |
|---|---|
| January<br>March | · Distribute simple and familiar pictures<br>· Give chances to talk about pictures<br>· Find out the content<br>· Give more chance to use simple english words.<br>· Distribute the model of english reading cards.<br>· Reading card making. |

# ഗണിതം

പാഠം - 1

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| SL No | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ | നമുക്കെണ്ണാം<br>• സംഖ്യകൾ എഴുതിയ കാർഡ് കുട്ടികൾക്ക് നൽകുന്നു.<br>• വിവിധ സംഖ്യ വായിക്കാം<br>• മുഴുവൻ സംഖ്യ എഴുതുന്നു |
| 2 | ജൂൺ | 10 ചങ്ങാതികൾ<br>• സംഖ്യ എണ്ണിയെഴുതുന്നു<br>• വിവിധ നമ്പറിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം |
| 3 | ജൂലൈ സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കാൻ |
| 4 | ജൂലൈ ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

## ലക്ഷ്യം - 2

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| SL No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>• കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2. | 2 ആഴ്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പാക്കി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3. | ജൂൺ സെപ്തംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ഉൾക്കൊള്ളാം<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

പാഠം - 3

മൂന്നാം ക്ലാസിലെ ഗണിതത്തിൽ കുട്ടികൾക്കും ചാർട്ട് [illegible] ഉപയോഗിക്കുന്നു.

| SL No | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 2 | ജൂലൈ<br>ഫെബ്രുവരി | ഉത്തരം കണ്ടെത്താം.<br>• അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ ചാർട്ടുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം.<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ്<br>ഫെബ്രുവരി | ജോഡി കണ്ടെത്താം.<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ കാർഡുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യാ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |

| | | |
|---|---|---|
| 1 | ജൂലൈ<br>മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ഗുണനം, ഹരണം. |

# പരിസരപഠനം

ലക്ഷ്യം - 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| SL NO | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ<br>ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• പ്രത്യേകതകൾ മനസിലാക്കാം.<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമ്മുടെ ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.<br>• ചർച്ച - തെറ്റും ശരിയും. |
| 2. | ജൂൺ<br>മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ<br>മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |

| | | |
|---|---|---|
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ |
| 5 | മാർച്ച്<br>മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം - 2

• കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl No | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂൺ മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും ചെയ്യേണ്ട കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം കണ്ടെത്തിയാൽ - സർവ്വേ<br>• മലിനീകരണ മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പരിസരത്തിൽ ശുചീകരണ പ്രവർത്തന |

## ലക്ഷ്യം - 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| Sl No | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജനുവരി<br>മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc) |
| 2 | ഡിസംബർ<br>ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ<br>ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്ലാസ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി<br>മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്ലാസ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |